# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 269 — 19.06.2014 ൽ മറുപടിക്ക്

## സപ്ലൈകോയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജുപോൾ:<br>ശ്രീ. എ. കെ. ബാലൻ:<br>ശ്രീ. എളമരം കരീം:<br>ശ്രീ. പി. കെ. ഗുരുദാസൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്ത് സപ്ലൈകോയുടെ പ്രവർത്തനം കടുത്ത പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധിക്കിടയാക്കിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് സപ്ലൈകോയുടെ പ്രവർത്തനം നല്ലനിലയിൽ നടന്നുവരുന്നു. 13 ഇനം അവശ്യവസ്തുക്കൾ മാർക്കറ്റ് വിലയേക്കാൾ ഏകദേശം 50% വരെ വിലകുറച്ചാണ് സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി വിൽക്കുന്നത്. മട്ട അരി, പച്ചരി, കുറുവ അരി, ജയ അരി എന്നിവ 21 രൂപ നിരക്കിൽ കാർഡൊന്നിന് 5 കി.ഗ്രാം വീതം നൽകി വരുന്നു. കൂടാതെ ഉഴുന്ന്, പരിപ്പ്, മറ്റു പയറ് വർഗ്ഗങ്ങൾ, പഞ്ചസാര, വെളിച്ചെണ്ണ എന്നീ അവശ്യ വസ്തുക്കൾ കാർഡൊന്നിന് മാസം 1 കി.ഗ്രാം വീതം ഉപഭോക്താക്കൾക്ക് നൽകുന്നുണ്ട്. തന്മൂലം സാധാരണക്കാരായ ഉപഭോക്താക്കൾക്ക് പൊതുവിപണിയെ ആശ്രയിക്കേണ്ട ആവശ്യം വരുന്നില്ല. കൂടാതെ പൊതുജനത്തിന് ആവശ്യമായ മറ്റ് FMCG ഉത്പന്നങ്ങൾ പൊതു വിപണി വിലയേക്കാൾ ഏകദേശം 10% മുതൽ 20% വരെ വില കുറച്ചു നൽകുന്നതുമൂലം വിലക്കയറ്റം ഒരു പരിധി വരെ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. അതു പ്രകാരം സപ്ലൈകോയുടെ വിപണി ഇടപെടൽ വളരെ ഫലപ്രദമായി നടന്നുവരുന്നുണ്ട്. തന്മൂലം വിലക്കയറ്റം ഒരു പരിധിവരെ പിടിച്ചു നിർത്തുന്നതിനും സഹായിക്കുന്നുണ്ട്. |
| (ബി) കമ്പോളത്തിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് ലഭിക്കേണ്ട ധനസഹായം ലഭിക്കാത്തതാണ് പ്രതിസന്ധിക്കുള്ള മുഖ്യ കാരണം എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെടുകാര്യസ്ഥതയും അഴിമതികളും നിർബാധം | (ബി) ഇല്ല. കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റ് വിഹിതമായ 60 കോടി രൂപയ്ക്ക് പുറമെ 56.021 കോടി രൂപ സപ്ലൈകോയ്ക്ക് അധികമായി അനുവദിച്ചിട്ടുണ്ട്. |

തുടരുന്നതായുള്ള
ആക്ഷേപം ശ്രദ്ധ
യിൽപ്പെട്ടിട്ടുണ്ടോ;

**(സി)** സപ്ലൈകോയ്ക്ക് സർക്കാർ എന്തുതുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) സപ്ലൈകോയ്ക്ക് വിപണി ഇടപെടൽ പദ്ധതി പ്രകാരം (2008 - 2014) ലഭിക്കുവാനുള്ള തുകയുടെ വിശദാംശം ഇപ്രകാരമാണ്.

| വർഷം | വിപണി ഇടപെടലിന് സപ്ലൈകോ ചിലവഴിച്ച തുക | സർക്കാർ അനുവദിച്ച തുക |
|---|---|---|
| 2008 - 2009 | 136.22 | 105.00 |
| 2009 - 2010 | 206.33 | 83.00 |
| 2010 - 2011 | 118.81 | 76.31 |
| 2011 - 2012 | 164.96 | 118.35 |
| 2012 - 2013 | 288.55 | 135.00 |
| 2013 - 2014 | 311.94 | 116.021 |

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരമാവധി സഹായം സപ്ലൈകോയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചു വരുന്നു.

**(ഡി)** സപ്ലൈകോ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പൊതുവിതരണ സംവിധാനത്തെ പ്രതികൂലമായി ബാധിച്ചതുമൂലമുണ്ടായിട്ടുള്ള അമിത വിലവർദ്ധന തടയുന്നതിനും പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

(ഡി) സപ്ലൈകോ വളരെ ഫലപ്രദമായി പൊതു വിപണിയിൽ ഇടപെടുന്നതുമൂലം വിലക്കയറ്റം ഒരു പരിധി വരെ നിയന്ത്രിക്കുവാൻ സാധിക്കുന്നുണ്ട്. മട്ട അരി, പച്ചരി, കുറുവ അരി, ജയ അരി എന്നിവ 21 രൂപ നിരക്കിൽ കാർഡൊന്നിന് 5 കി.ഗ്രാം വീതം നൽകി വരുന്നു. കൂടാതെ ഉഴുന്ന്, പരിപ്പ്, മറ്റു പയറ് വർഗ്ഗങ്ങൾ, പഞ്ചസാര, വെളിച്ചെണ്ണ എന്നീ അവശ്യ വസ്തുക്കൾ മാസം കാർഡൊന്നിന് 1 കി.ഗ്രാം വീതം ഉപഭോക്താക്കൾക്ക് നൽകുന്നുണ്ട്. തന്മൂലം വിലക്കയറ്റത്തിന്റെ പിടിയിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിന് സപ്ലൈകോയുടെ വിപണി ഇടപെടൽ പദ്ധതി വളരെ അധികം സഹായിക്കുന്നുണ്ട്.

Beena

**സെക്ഷൻ ഓഫീസർ**

## വിശദീകരണക്കുറിപ്പ്

അവശ്യ സാധനങ്ങൾ കമ്പോളത്തിൽ കൂടുതൽ അളവിൽ ലഭ്യമാക്കാൻ സപ്ലൈക്കോയ്ക്ക് സാധിച്ചിട്ടുണ്ട്. ഇത് വിപണി വില വർദ്ധനവ് പിടിച്ചു നിർത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്. ആവശ്യ സാധനങ്ങളുടെ വിൽപ്പനവില റേഷനലൈസ് ചെയ്തു കൂടുതൽ സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാക്കുന്ന ശാസ്ത്രീയമായ പൊതുവിപണി ഇടപെടൽ തന്ത്രമാണ് സപ്ലൈകോ ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

ഇതിനു പുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയേക്കാൾ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് നൽകിവരുന്നു.

ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 - 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു.

ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, ബക്രീദ്, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവ കാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചു വരുന്നു.

ഇങ്ങനെ പൊതു വിപണിയിൽ സജീവമായി ഇടപെട്ട് വിലക്കയറ്റം പിടിച്ചു നിർത്താൻ സാധിക്കുന്നു.

Beena
Section officer